# ഏകീകൃത സർവ്വകലാശാലാനിയമം

ചർച്ചയ്ക്ക് ഒരാമുഖം

378.1

അക്കാദമിക് കമ്മിറ്റി

എ.കെ.പി.സി.ടി.എ.

മേയ് 2002

AKPCTA FOR EQUITY & EXCELLENCE
AKPCTA FOR CONSULTATION & CONSENSUS

4140

ഒരിക്കൽ കേരളം നിരാകരിച്ച ഏകീകൃത സർവ്വകലാശാലാനിയമം കൂടുതൽ ജനാധിപത്യ വിരുദ്ധമായ വകുപ്പുകളോടെ പുനരവതരിപ്പിക്കപ്പെടുകയാണ്.

കേരളസമൂഹം എക്കാലവും വിദ്യാഭ്യാസനിയമങ്ങളേയും പരിഷ്ക്കാരങ്ങളേയും ഗൗരവമായ ചർച്ചകൾക്ക് വിഷയീഭവിപ്പിച്ചിട്ടുണ്ട്. അത്തരത്തിലുള്ള ഒരു ചർച്ചക്കുവേണ്ടി അവതരിപ്പിക്കുന്ന ഈ കുറിപ്പ് വിദ്യാഭ്യാസത്തെ സ്നേഹിക്കുന്നവർ ഉപയോഗപ്പെടുത്തുമെന്ന് പ്രതീക്ഷിക്കുന്നു.

പ്രൊഫ. വി. രാജഗോപാലൻ (ചെയർമാൻ)
പ്രൊഫ. കെ. മാത്യു (കൺവീനർ)
*അക്കാദമിക് കമ്മിറ്റി, AKPCTA*

PC Library & Research Center

378.1

## വിദ്യാഭ്യാസം ആഗോളവൽക്കരണത്തിന്റെ പശ്ചാത്തലത്തിൽ

### ദേശീയതലം:

സാമൂഹ്യ ഉത്തരവാദിത്തങ്ങൾ പൂർണ്ണമായി ഉപേക്ഷിക്കപ്പെടുകയും കമ്പോളത്തിന്റെ മൂല്യങ്ങൾ മാത്രം സൃഷ്ടിക്കപ്പെടുകയും ചെയ്യുന്നതാണ് പുതിയ കമ്പോളസമ്പദ്ക്രമം. ഇവിടെ നാം പരമ്പരാഗതമായി സേവനരംഗങ്ങളെന്ന് വിശ്വസിച്ചിരുന്ന വിദ്യാഭ്യാസവും പൊതുജനാരോഗ്യവുമെല്ലാം കമ്പോളത്തിലെ ചരക്കുകൾമാത്രം. എല്ലാ രംഗങ്ങളിലും 'സേവനം' എന്നതിനെ 'കമ്പോളം' എന്ന് ആദേശം ചെയ്യപ്പെട്ടിരിക്കുന്നു. എല്ലാ പൗരന്മാർക്കും എല്ലാതലത്തിലുമുള്ള വിദ്യാഭ്യാസം നൽകാൻ സ്റ്റേറ്റിന് ഭരണഘടനാപരമായ ബാദ്ധ്യതയുണ്ടെന്നും വിദ്യാഭ്യാസം അന്തസ്സോടുകൂടിയുള്ള ജീവിതത്തിനുള്ള അവകാശത്തിന്റെ ഭാഗമാണെന്നുമുള്ള സുപ്രീംകോടതിയുടെ അനുശാസനപോലും (മോഹിനി ജയിൻ കേസ്സ്-1992) നാം മറന്നുകഴിഞ്ഞു. ക്ഷേമരാഷ്ട്രം എന്ന സങ്കല്പം തന്നെ തകർക്കപ്പെടുകയാണ്. ആഗോളസമ്പദ്ക്രമത്തിൽ വിജ്ഞാനം വാണിജ്യത്തിന്റെ ഒരു ഭാഗം മാത്രം.

ഇൻഡ്യയെ ഈ ആശയം കടന്നാക്രമിച്ചത് വളരെ പെട്ടെന്നാണ്. ദേശീയവരുമാനത്തിന്റെ 6 ശതമാനം വിദ്യാഭ്യാസത്തിനായി ചെലവഴിക്കണമെന്നായിരുന്നു 1986 ലെ പുതിയ വിദ്യാഭ്യാസനയത്തിൽ പറഞ്ഞത്. ഇക്കഴിഞ്ഞ തെരഞ്ഞെടുപ്പുവേളയിൽ ബി.ജെ.പി. യുടെ പ്രകടനപത്രികയിൽ ഇത് 10 ശതമാനമാക്കി ഉയർത്തുമെന്ന് പ്രഖ്യാപിച്ചിരുന്നെങ്കിൽ ഇപ്പോൾ അത് 4% ശതമാനത്തിൽ താഴെ നില്ക്കുന്നു. ഇനിയും കുറയ്ക്കണമെന്നാണ് ശുപാർശകൾ. യൂണിവേഴ്സിറ്റി വിദ്യാഭ്യാസത്തിന് നിർദ്ദിഷ്ടപരിധിയിലുള്ള (17 നും 23 നും ഇടയിൽ പ്രായമുള്ള) വരിൽ കേവലം 6 ശതമാനം പേർ മാത്രമേ ഭാരതത്തിൽ ഉന്നതവിദ്യാഭ്യാസത്തിന്റെ പടിചവിട്ടുന്നുള്ളു. വികസിതരാജ്യങ്ങളുമായി താരതമ്യമില്ലാത്തത്ര താഴ്ന്ന നിലയാണിത്.

ആഗോളവൽക്കരണപ്രക്രിയ നടക്കുമ്പോൾ ദേശീയവിദ്യാഭ്യാസത്തിന്റെ നയരൂപവൽക്കരണത്തിനായി ഒരു കമ്മിറ്റി നിയമിക്കപ്പെട്ടു. അതിന്റെ സ്വഭാവം തന്നെ സർക്കാർനയം വ്യക്തമാക്കും. ഈ കമ്മിറ്റിയെ നിയമിച്ചതുതന്നെ വിദ്യാഭ്യാസവകുപ്പല്ല; പ്രധാനമന്ത്രിയുടെ Council on Trade and Industry ആണ്. സമിതിയിലെ അംഗങ്ങൾ വ്യവസായപ്രമുഖരായ മുകേഷ് അംബാനിയും കുമാരമംഗലം ബിർളയുമാണ്. 2000 ഏപ്രിൽ 24 ന് അവർ സമർപ്പിച്ച റിപ്പോർട്ട് ഉന്നതവിദ്യാഭ്യാസമാകെ സ്വകാര്യമേഖലയ്ക്ക് കൈമാറാൻ നിർദ്ദേശിച്ചുകൊണ്ടുള്ളതാണ്. സ്വകാര്യ സർവകലാശാലകൾപോലും നിർദേശിക്കപ്പെട്ടിരിക്കുന്നു. UGC (University Grants Commission) UEC (University Educa-

tion Commission) ആക്കി മാറ്റാനുള്ള നിർദ്ദേശം സർക്കാർ വിദ്യാഭ്യാസരംഗത്തുനിന്നുള്ള പിൻവാങ്ങൽ വ്യക്തമാക്കുന്നു. ഈ സാഹചര്യത്തിൽനിന്നുകൊണ്ട് കേരളത്തിലേക്ക് നോക്കിയാൽ ആഗോളവൽക്കരണ പ്രക്രിയ വിദ്യാഭ്യാസത്തെ ഏത്രമാത്രം ബാധിച്ചിരിക്കുന്നു എന്ന് മനസ്സിലാകും.

**സംസ്ഥാനതലം:**

അധികാരത്തിലേറിയ ഉടൻ പുതിയ സംസ്ഥാനസർക്കാർ പുറത്തിറക്കിയ ധവളപത്രവും തുടർന്നുള്ള പ്രഖ്യാപനങ്ങളും നടപടികളും ദിശാസൂചികയാണ്.

ഫീസ് വർദ്ധിപ്പിക്കുക, ഗവൺമെന്റ്/ എയ്ഡഡ് കോളജുകൾ അനുവദിക്കാതിരിക്കുക, സ്വാശ്രയസമ്പ്രദായത്തിൽ മാത്രം പുതിയ കോഴ്സുകളും ബാച്ചുകളും അനുവദിക്കുക, പുതിയ സ്വാശ്രയകോളജുകൾ ആരംഭിക്കുക, മാനേജ്മെന്റ് കോളജുകൾക്ക് സ്വാശ്രയ ഓട്ടോണമി നൽകുക തുടങ്ങിയവയാണ് ഉന്നതവിദ്യാഭ്യാസത്തെ സംബന്ധിച്ച് നൽകിയ ധവളപത്രശുപാർശകൾ. ഇത് അംബാനി-ബിർളാ കമ്മിറ്റിയുടെ ശുപാർശകളുടെ പകർപ്പുതന്നെ. അതിനായി ഉപയോഗിക്കുന്ന മറയാകട്ടെ സംസ്ഥാനത്തിന്റെ സാമ്പത്തികപ്രതിസന്ധിയും!

പൊതുജനാരോഗ്യ, വിദ്യാഭ്യാസ, സേവനമേഖലകളിൽ കേരളം കൈവരിച്ച നേട്ടങ്ങളെ അസൂയയോടുകൂടിയാണ് വികസിതരാജ്യങ്ങൾ വിലയിരുത്തിയിട്ടുള്ളത്. ഈ നേട്ടങ്ങളെയാകെ അട്ടിമറിക്കുമെന്ന് പരസ്യമായ വെല്ലുവിളിയോടെ കഴിഞ്ഞ ഒരു വർഷമായി കേരളഭരണം തുടരുകയാണ്. പൊതുവിദ്യാഭ്യാസത്തെ ഉന്മൂലനം ചെയ്യാൻ ശ്രമിക്കുന്നവർ ഉന്നതവിദ്യാഭ്യാസത്തെ വെറുതെ വിടുമെന്ന് കരുതാൻ വയ്യ.

UDF ന്റെ കഴിഞ്ഞ ഭരണകാലത്ത് ഏകീകൃതസർവകലാശാലാ ബിൽകൊണ്ടുവന്നു. നിയമസഭയിലെത്തിയ ബിൽ സെലക്ട് കമ്മിറ്റിക്കു വിടുകയും സംസ്ഥാനത്താകമാനം തെളിവെടുപ്പു നടത്തുകയും ചെയ്തിരുന്നു. ഈ തെളിവെടുപ്പുവേളയിലുണ്ടായ കേരളത്തിന്റെ വികാരം മാനിച്ച് ആ ബിൽ പിന്നെ വെളിച്ചം കണ്ടില്ല.

തുടർന്നുണ്ടായ ഭരണമാറ്റത്തിനുശേഷം 5 വർഷക്കാലവും ഉന്നതവിദ്യാഭ്യാസരംഗത്ത് ഇങ്ങനെയൊരു നിയമം ആവശ്യമാണെന്ന് പറഞ്ഞില്ല. ഇപ്പോൾ വീണ്ടും അധികാരത്തിലെത്തിയ നാൾമുതൽ ഏകീകൃതസർവകലാശാലാ ബില്ലിനെക്കുറിച്ച് പറയാൻ തുടങ്ങിയിരിക്കയാണ്. ADB യുമായി കരാർ ഒപ്പിടാൻ തയ്യാറെടുക്കുന്നതിനാൽ ഇതേക്കുറിച്ചുള്ള ആശങ്ക വർദ്ധിക്കുകയാണ്.

ഉന്നതവിദ്യാഭ്യാസനയം രൂപീകരിക്കാൻ കേന്ദ്രസർക്കാർ ചുമത

ലപ്പെടുത്തിയത് അംബാനി-ബിർളാ വ്യവസായികളെയാണെങ്കിൽ ഇവിടെ മന്ത്രിമാരുൾപ്പെടെ സമുദായ പ്രമാണിമാരുടെ വീടുകൾ കയറിയിറങ്ങുന്നു.

IAS മേലാളന്മാർക്ക് മേൽക്കൈലഭിക്കാൻ വേണ്ടി ഭരണക്രമമാകെ മാറ്റിമറിക്കുന്ന സമയത്ത് അവർക്ക് മേൽക്കൈയില്ലാത്ത ഉന്നതവിദ്യാഭ്യാസരംഗം സർക്കാർ വകുപ്പാക്കിമാറ്റാൻ അവർക്കുള്ള അവസരവും അവർക്ക് ഭരണത്തിൽ ലഭിച്ചിരിക്കുന്ന പ്രാമാണ്യവും ഉപയോഗപ്പെടുത്തും.

കഴിഞ്ഞതവണ ഈ ബിൽ കൊണ്ടുവന്നപ്പോൾ ചർച്ചയ്ക്കുവേണ്ടി ഇതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ പരസ്യപ്പെടുത്തിയിരുന്നു. ഇപ്പോഴാകട്ടെ, നിയമസഭാസാമാജികർക്കുപോലും ഇതേക്കുറിച്ച് യാതൊരു സൂചനയും ലഭിക്കാത്തതരത്തിൽ അത്യന്തം രഹസ്യസ്വഭാവത്തോടുകൂടി ഏതോ ഗൂഢസങ്കേതത്തിലാണ് ബില്ലിന്റെ സൃഷ്ടി എന്നത് പ്രബുദ്ധകേരളം ഉത്കണ്ഠയോടെയാണ് ശ്രദ്ധിക്കുന്നത്. അടുത്തകാലത്ത് സർവകലാശാലാധികൃതരുമായി നടന്ന ചർച്ചയിൽപോലും സർക്കാരിന്റെ ഉള്ളിലിരുപ്പ് വ്യക്തമാക്കിയിട്ടില്ല. ചർച്ചനടത്തിയെന്ന് വരുത്തിത്തീർക്കാനുള്ള ഒരു പ്രഹസനം മാത്രമാണ് നടന്നത്.

പൊതുമേഖലയെക്കുറിച്ചുള്ള തെറ്റിദ്ധാരണാജനകമായ കുപ്രചരണമാണ് അവയെ തകർക്കാനുപയോഗിച്ചുവരുന്ന ആയുധം. സർവകലാശാലകൾക്കെതിരെയും ഈ കുപ്രചരണം ആരംഭിച്ചുകഴിഞ്ഞു. സർവകലാശാലകളുടെ സംയോജിതമായ പ്രവർത്തനം ആവശ്യമാണെന്നും വിവിധ സർവകലാശാലകളിലെ പരീക്ഷകൾ, ബിരുദങ്ങളുടെ അംഗീകാരം എന്നിവയ്ക്ക് ഈ 'ഏകീകൃതം' ആവശ്യമാണെന്നുമായ 'മനോഹരമായ' വാദമാണ് പ്രചരിപ്പിക്കുന്നത്.

മുൻകാലനുഭവങ്ങൾക്ക് വ്യത്യസ്തമായി, കേരളജനതയ്ക്കാകമാനം അപകടകരമായ നിയമങ്ങൾ അരദിവസത്തെ കോവളം സമ്മേളനവും അടുത്ത ദിവസത്തെ നിയമസഭയോ കാബിനറ്റോ കൊണ്ട് നിയമമാകുന്ന കാഴ്ചയാണ് കുറെ നാളുകളായി കാണുന്നത്. അന്തർദേശീയ ഗൂഢാലോചനകൂടി ഉൾപ്പെടുന്ന ഈ ബിൽ ഒരു പരസ്യചർച്ചയ്ക്ക് വഴിവയ്ക്കാനുള്ള സാദ്ധ്യത വളരെ വിരളമാണ്.

## സർവകലാശാലാനിയമങ്ങൾ ഏകീകരിക്കപ്പെടണമോ?

ഇന്നു നാം കാണുന്ന സർവകലാശാലാ സങ്കല്പം 1857 ൽ തുടങ്ങിയതാണ്. ജനാധിപത്യം, സ്വയംഭരണം, സാമൂഹ്യനീതി എന്നീ തത്വങ്ങളിലൂന്നി അദ്ധ്യയനം, അദ്ധ്യാപനം, ഗവേഷണം എന്നിവ നടക്കാനുള്ള വിദ്യാഭ്യാസ-സാംസ്കാരികകേന്ദ്രങ്ങളാണ് സർവകലാശാലകൾ.

കാലാകാലങ്ങളിലുള്ള പഠനങ്ങളിലൂടെയും അനുഭവങ്ങളിലൂടെയും പുതിയ സങ്കല്പങ്ങൾ രൂപപ്പെടുകയും യാഥാർത്ഥവൽക്കരിക്കപ്പെടുകയും ചെയ്തിട്ടുണ്ട്.

ഭാരതീയ സർവകലാശാലകൾക്ക് മൊത്തമായി ഒരു പൊതുലക്ഷ്യത്തിന് വേണ്ടിയുള്ള കാഴ്ചപ്പാടും നിർദ്ദേശങ്ങളും രൂപരേഖയും നിലനില്ക്കെത്തന്നെ പ്രാദേശിക വൈവിദ്ധ്യങ്ങൾ കണക്കിലെടുത്തുകൊണ്ട് അതാത് യൂണിവേഴ്സിറ്റികൾ നിയമമുണ്ടാക്കുകയാണ് പതിവ്. സർവകലാശാലകൾക്ക് മുഴുവൻ നിർദ്ദേശങ്ങൾ നൽകുന്ന UGC പോലും എല്ലാ സർവകലാശാലകൾക്കും ഒരു നിയമമുണ്ടാക്കിയിട്ടില്ല: പൊതുവായ മാർഗ്ഗനിർദ്ദേശങ്ങൾ മാത്രമാണ് നൽകുന്നത്.

കേരളത്തിലെ സർവകലാശാലകൾക്ക് മുഴുവനായി ഒരു നിയമം ഉണ്ടാക്കണമെന്ന കേരള സർക്കാരിന്റെ നിർദ്ദേശം അതുകൊണ്ട്തന്നെ അബദ്ധമാണ്. കേരളത്തിൽ സംസ്കൃതസർവകലാശാലയും കാർഷികസർവകലാശാലയുമുൾപ്പെടെ ഏഴു സർവകലാശാലകൾ നിലവിൽ വരുമ്പോഴും അതു സ്ഥാപിക്കപ്പെട്ട പ്രാദേശിക പ്രത്യേകതകൾ കണക്കിലെടുത്തിട്ടുണ്ട്. കേരളാ, കോഴിക്കോട്, മഹാത്മാഗാന്ധി, കണ്ണൂർ സർവകലാശാലകൾ അഫിലീയേറ്റിങ്ങ് സർവകലാശാലകളാണെന്ന വ്യത്യാസം മാത്രം. സർവകലാശാലയുടെ ഉദ്ദേശലക്ഷ്യങ്ങളിൽ പ്രാദേശികമായ പ്രത്യേകതകൾ കണക്കിലെടുക്കണമെന്ന് വ്യക്തമാക്കുന്നുണ്ട്.

സർവകലാശാലകളുടെ ധനസമാഹരണത്തെക്കുറിച്ചുള്ള നിർദ്ദേശങ്ങളിൽപോലും അതാതു സ്ഥലങ്ങളുടെ പ്രത്യേകത കണക്കിലെടുക്കുന്നുണ്ട്. ഇതിനൊക്കെയുപരി, വികേന്ദ്രീകരണത്തിന്റെ ഈ കാലത്ത് സർവകലാശാലാനിയമം കേന്ദ്രീകൃമാകണമെന്ന വാദത്തിൽ വൈരുദ്ധ്യം നിലനില്ക്കുന്നു. കേന്ദ്രീകൃതമാണുദ്ദേശമെങ്കിൽ ആകെ ഒരു സർവകലാശാലയും മറ്റിടങ്ങളിൽ അവയുടെ പ്രാദേശിക കേന്ദ്രങ്ങളും മതിയാകുമല്ലോ!

## സർവകലാശാലകൾക്ക് ഏകീകൃതമായ പരീക്ഷ, ബിരുദങ്ങളുടെ പരസ്പര അംഗീകാരം, ഏകീകൃത സിലബസ് ഇവ ആവശ്യമാണോ?

ഏകീകൃത സർവകലാശാലാ നിയമത്തിന് വേണ്ടി ഉന്നയിക്കുന്ന ഒരു വാദമാണിത്. കേരളത്തിലെ എല്ലാ സർവകലാശാലകളുടെയും ബിരുദങ്ങൾ പരസ്പരം അംഗീകരിക്കേണ്ടതുണ്ട്. അതിനൊരു പ്രത്യേക നിയമം ആവശ്യമില്ല. പരീക്ഷകളും പരീക്ഷാഫലപ്രഖ്യാപനവും പ്രവേശനവുമെല്ലാം ഏകദേശം ഒരേ സമയത്താകണം. സിലബസുകളിൽ ആവശ്യമായ വൈവിധ്യവൽക്കരണമാണ് യൂണിവേഴ്സിറ്റികളുടെ സങ്കല്പത്തിലുള്ളത്. ഓരോ പ്രധാന വിഷയങ്ങളോടൊപ്പം ചേരുന്ന പ്രത്യേക വിഷയങ്ങൾ പ്രാദേശിക പരിഗണനവച്ചുകൊണ്ടാകണം.

പരീക്ഷ സംബന്ധിച്ച് മേൽപ്പറഞ്ഞ കാര്യങ്ങൾ ഏകോപിപ്പിക്കുന്നതിനുള്ള സംവിധാനം ഇന്നുണ്ട്. എല്ലാ യൂണിവേഴ്സിറ്റിയുടെയും വൈസ്ചാൻസലർമാരും ഉന്നതോദ്യോഗസ്ഥരുമടങ്ങുന്ന ഇന്റർ യൂണിവേഴ്സിറ്റി കൺസൾട്ടേറ്റീവ് കമ്മിറ്റി (IUCC) ഇപ്പോൾ നിലവിലുണ്ട്. ഇതിന്റെ പ്രവർത്തനഫലമായി ഏകോപിത കലണ്ടറിൽ പരീക്ഷകൾ മുമ്പ് നടന്നിട്ടുമുണ്ട്. ആവശ്യമെങ്കിൽ IUCC യുടെ പ്രവർത്തനങ്ങൾ അവലോകനം ചെയ്തു ആവശ്യമുള്ള ഭേദഗതികളാകാം.

പലസംസ്ഥാനങ്ങളിലും നിലവിലുള്ള ഉന്നത വിദ്യാഭ്യാസകൗൺസിൽ നിലവിൽവരുത്തുന്നതിനെക്കുറിച്ചും ചിന്തിക്കാവുന്നതാണ്. പക്ഷേ അതിന്റെ ഘടനയും പ്രവർത്തനപരിധിയും നന്നായി ആലോചിച്ച് തീരുമാനിക്കേണ്ടതാണ്. വിവിധ അക്കാദമികതലങ്ങളിൽ പ്രവർത്തിക്കുന്നവരെ ഉൾക്കൊള്ളുന്നതായിരിക്കണം ഇതിന്റെ ഘടന. നയരൂപീകരണത്തിന് സർക്കാരിനെ ഉപദേശിക്കുന്നതിനും സർവകലാശാലകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുമായി ഈ സമിതിയെ പ്രവർത്തിപ്പിക്കാം. എന്നാൽ ഒരു കാരണവശാലും യൂണിവേഴ്സിറ്റിയുടെ സ്വയംഭരണം ചോദ്യം ചെയ്യുന്ന പ്രവർത്തനങ്ങൾ കൗൺസിലിൽ നിന്നുണ്ടാകാൻ പാടില്ല; സർവകലാശാലകളെ സർക്കാർ വകുപ്പിന്റെ നിലയിലേക്കു മാറ്റാനും അനുവദിച്ചുകൂടാ. വൈസ്ചാൻസലർമാരെ വിദ്യാഭ്യാസമന്ത്രിയുടെ ആജ്ഞാനുവർത്തികളോ കീഴുദ്യോഗസ്ഥരോ ആക്കാനുള്ള നീക്കം ഉപേക്ഷിച്ചേ തീരൂ.

## പണം മുടക്കുന്ന സർക്കാരിന് സർവ്വകലാശാലകളിൽ നിയന്ത്രണം ആവശ്യമില്ലേ?

വളരെ വികലമായ ഒരു സങ്കല്പത്തിൽ നിന്നും ഉടലെടുത്തതാണീ ചോദ്യം. സർവ്വകലാശാലകളുടെ നടത്തിപ്പിനാവശ്യമായ ധനസഹായം സർക്കാർ നൽകുന്നുണ്ട് എന്നത് ശരി തന്നെ. സർക്കാർ പണം മുടക്കുന്നു എന്നതിനർത്ഥം സർവ്വകലാശാലയുടെ ഉടമയാണ് സർക്കാർ എന്നർത്ഥമില്ല. ഒരു ജനാധിപത്യ വ്യവസ്ഥിതിയിൽ സർക്കാർ ജനങ്ങളാൽ തെരഞ്ഞെടുക്കപ്പെടുന്നതാണ്. സംസ്ഥാനത്തിന്റെ വിഭവങ്ങൾ ജനങ്ങൾക്കുവേണ്ടി സർക്കാർ കൈകാര്യം ചെയ്യുന്നു. അതുപോലെതന്നെ ജനാധിപത്യപരമായി, വ്യവസ്ഥാപിതമാർഗ്ഗത്തിലൂടെ തെരഞ്ഞെടുക്കപ്പെട്ടു വരുന്ന ഒരു സംവിധാനമാണ് (അങ്ങനെയാകണം) യൂണിവേഴ്സിറ്റിയുടെ ഭരണസമിതി. നാടിന്റെ വിഭവങ്ങൾ നീതിയുക്തമായി വിവിധ ഘടകങ്ങൾക്ക് ആവശ്യാനുസരണം വിഭജിച്ചുനൽകിയാൽ പിന്നെ അതിൽ നിയന്ത്രണം ആവശ്യപ്പെടുന്നത് ഇന്നത്തെ സാഹചര്യത്തിൽ പ്രാകൃതമാണ്.തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലേക്ക് അധികാരവികേന്ദ്രീകരണം നടപ്പാക്കിയ നമ്മുടെ നാട്ടിൽ സർവകലാശാലകൾക്ക്

സ്വയംഭരണം നൽകില്ല എന്നനയം ശരിയല്ല.

എന്നാൽ, സർക്കാരിന്റെ നയങ്ങൾക്കനുസൃതമായ പ്രവർത്തനങ്ങൾ യൂണിവേഴ്സിറ്റികളിൽ എത്തിക്കുവാനുള്ള സംവിധാനം ഇന്നുതന്നെ നിലവിലുണ്ട്. എല്ലാ യൂണിവേഴ്സിറ്റികളുടേയും സെനറ്റ്, സിണ്ടിക്കേറ്റ് തുടങ്ങിയ സമിതികളിൽ ആവശ്യാനുസരണം സർക്കാർ പ്രതിനിധികളുണ്ട്. *(19, 20 പേജുകളിലുള്ള പട്ടികകൾ കാണുക)*

## നിലവിലുള്ള സർവ്വകലാശാലാനിയമങ്ങൾ

## കേരളാ - കോഴിക്കോട് സർവ്വകലാശാലകൾ

സർവ്വകലാശാലാ വിദ്യാഭ്യാസത്തെക്കുറിച്ച് സമഗ്രമായി പഠിച്ച് സമർപ്പിക്കപ്പെട്ട കോത്താരിക്കമ്മീഷൻ റിപ്പോർട്ടുപ്രകാരം ഉണ്ടായ മോഡൽ യൂണിവേഴ്സിറ്റി ആക്ടിന്റെ ചുവടുപിടിച്ച് 1969ൽ രൂപം കൊണ്ടതാണ് കേരളാസർവ്വകലാശാലാ നിയമം. വിദ്യാഭ്യാസരംഗം പൊതുജനങ്ങൾക്ക് മോണിട്ടർ ചെയ്യാനുള്ള കടമയുണ്ടെന്ന് ബോദ്ധ്യപ്പെടുത്തിയ നിയമം സ്വകാര്യമാനേജുമെന്റുകളെ കോടതിയുടെ പരിധിയിൽ കൊണ്ടുവന്നു. സർവ്വകലാശാല സമൂഹത്തിന്റേതാണെന്നും സമൂഹത്തിനുവേണ്ടിയാണെന്നും ഈ നിയമം ഉദ്ഘോഷിക്കുന്നു. 1971 ൽ രൂപം കൊടുത്ത ഗജേന്ദ്രഗാഡ്ക്കർ കമ്മീഷന്റെ പഠനം കണ്ടെത്തിയത് മേൽപ്പറഞ്ഞ നിയമത്തിൽ ജനാധിപത്യപരമായ ഉള്ളടക്കം കൂടുതലാണെന്നും അത്രയും ആവശ്യമില്ലെന്നുമാണ്. ഈ കമ്മീഷന്റെ ശുപാർശകളും കോടതിയിലൂടെയുള്ള ഇടപെടലുകളും മൂലം മേൽപറഞ്ഞ നിയമം 1974ൽ പരിഷ്കരിക്കപ്പെട്ടു. എങ്കിലും നിയമത്തിലെ ജനാധിപത്യ സ്വഭാവം പരിരക്ഷിക്കപ്പെട്ടിട്ടുണ്ട്. 1975 ൽ രൂപം കൊടുത്ത കോഴിക്കോട് സർവ്വകലാശാലാ നിയമവും ഇതിന്റെ ചുവടുപിടിച്ച് ഉണ്ടായിട്ടുള്ളതാണ്. ഇതനുസരിച്ച് സർവ്വകലാശാലയുടെ പരമാധികാരസഭ സെനറ്റ് (കോർട്ട്) ആണ്. ഇതിലെ 50% പേർ അക്കാദമിക് രംഗത്തുനിന്നും ബാക്കി രജിസ്റ്റേർഡ് ഗ്രാജുവേറ്റ്സ്, ജനപ്രതിനിധികൾ (എം.എൽ.എ.മാർ, ലോക്കൽബോഡി അംഗങ്ങൾ), വ്യവസായികൾ, ട്രേഡ് യൂണിയൻ പ്രവർത്തകർ, വിദ്യാർത്ഥികൾ മുതലായ സമൂഹത്തിന്റെ ബഹുമുഖരംഗത്ത് പ്രവർത്തിക്കുന്നവരിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്നവരാണ്. അങ്ങനെ സെനറ്റ് സമൂഹത്തിന്റെ പരിഛേദമാകുന്നു. നമ്മുടെ നിയമസഭയ്ക്ക് തുല്യമാണ് സെനറ്റ്. സെനറ്റിൽ നിന്ന് തെരഞ്ഞെടുക്കുന്നവരാണ് സിണ്ടിക്കേറ്റിൽ വരുന്നത്. സിണ്ടിക്കേറ്റിന് കാബിനറ്റിന്റെ പദവിയാണുള്ളത്. നിയമനിർമ്മാണത്തിനുള്ള പരമാധികാരം സെനറ്റിൽ നിക്ഷിപ്തമാണ്. അങ്ങനെ ഒരു ജാനാധിപത്യ സമൂഹത്തിൽ മാതൃകാപരമെന്ന് വിശേഷിപ്പിക്കാവുന്ന നിയമമാണ് കേരളാ - കോഴിക്കോട് സർവ്വകലാശാലാ നിയമങ്ങൾ.

## മഹാത്മാഗാന്ധി സർവ്വകലാശാല

എൺപതുകളുടെ തുടക്കം മുതൽ ഇൻഡ്യയുടെ സാമ്പത്തികനയങ്ങളിൽ കാര്യമായ വ്യതിയാനം കണ്ടുതുടങ്ങി. അതനുസരിച്ച് സാർവത്രികവിദ്യാഭ്യാസം എന്ന സങ്കല്പം ചോദ്യം ചെയ്യപ്പെട്ടു. 1982ൽ സെൻട്രൽ യൂണിവേഴ്സിറ്റികളെക്കുറിച്ച് പഠിക്കാൻ ചുമതലപ്പെടുത്തപ്പെട്ട മാധുരിഷാ കമ്മീഷൻ റിപ്പോർട്ടു നൽകി. ഇതിലെ നിർദ്ദേശങ്ങൾ എല്ലാ യൂണിവേഴ്സിറ്റിക്കും ബാധകമാക്കുകയാണ് കേന്ദ്രസർക്കാരും യു.ജി.സിയും ചെയ്തത്. ആദ്യമായി ചെയ്തത് സർവ്വകലാശാലാ നിയമത്തിലെ ജനാധിപത്യത്തിന്റെ കടയ്ക്കൽ കത്തിവയ്ക്കുകയാണ്. "അക്കാദമിക് രംഗത്തുള്ള പ്രഗത്ഭർ സർവ്വകലാശാലാ ഭരണസമിതികളിലുണ്ടാകണം. പക്ഷേ, അങ്ങനെയുള്ളവർ ഒരു തെരഞ്ഞെടുപ്പിൽ മത്സരിച്ച് വരാൻ ആഗ്രഹിക്കാത്തവരാണ്. ആയതിനാൽ നോമിനേഷനിലൂടെ ഇവരെ രംഗത്തുകൊണ്ടുവരണം" എന്ന കമ്മീഷനുകളുടെ നിർദ്ദേശമനുസരിച്ച്, "ഇനി മുതൽ ഏതെങ്കിലും യൂണിവേഴ്സിറ്റി നിയമങ്ങൾ പുതുതായി ഉണ്ടാവുകയോ, ഏതെങ്കിലും നിയമം മാറ്റപ്പെടുകയോ ചെയ്യുന്ന പക്ഷം പുതിയ യു.ജി.സി മോഡൽ നിയമത്തിന്റെ രീതിയിലായിരിക്കണം" എന്ന് യു.ജി.സി. നിർദ്ദേശം നൽകി.

ഈ നിയമത്തിന്റെ കോടാലി നമ്മുടെ നാട്ടിൽ ആദ്യം വീണത് മഹാത്മാഗാന്ധി സർവ്വകലാശാലയുടെ മേലാണ്. അന്നുണ്ടായിരുന്ന സംസ്ഥാനസർക്കാർ യു.ജി.സി നിർദ്ദേശമനുസരിച്ച് നിയമമുണ്ടാക്കാൻ വിമുഖതകാട്ടി. ജനാധിപത്യസ്വഭാവമില്ലാത്ത നിയമത്തിന് ആ സർക്കാർ എതിരായിരുന്നു. എന്നാൽ ഈ കാലയളവിൽ തന്നെ ഈ സർവ്വകലാശാലയിൽ ചേർന്ന കുട്ടികൾ വിദ്യാഭ്യാസം പൂർത്തിയാക്കിയാൽ അംഗീകാരം ലഭിക്കാത്ത നിലയുണ്ടായി. യു.ജി.സിയുടെ അംഗീകാരവും സാമ്പത്തികസഹായവും നിഷേധിക്കപ്പെട്ട അത്യന്തം ഗൗരവതരമായ സാഹചര്യത്തിൽ യു.ജി.സി നിർദ്ദേശത്തിനനുസൃതമായ നിയമം തന്നെ 1985ൽ നിലവിൽവരികയായിരുന്നു.

ഇതനുസരിച്ച് മിക്ക സമിതികളും പൂർണ്ണമായും നോമിനേഷനുകളിലൂടെയാണുണ്ടാകുന്നത്. തെരഞ്ഞെടുപ്പിന്റെ ഒരു ഘടകമുള്ളത് സെനറ്റിൽ മാത്രമാണ്. സെനറ്റിനാകട്ടെ, അധികാരമില്ലാത്ത ഉപദേശസമിതിയുടെ റോളാനുള്ളത്. ഇവിടെ പൂർണ്ണഅധികാരവും നോമിനേറ്റു ചെയ്യപ്പെടുന്ന സിണ്ടിക്കേറ്റിൽ നിക്ഷിപ്തമാണ്. അക്കാദമിക് കമ്മിറ്റി, ബോർഡ് ഓഫ് സ്റ്റഡീസ് എന്നിവയും നോമിനേറ്റഡ് തന്നെ.

## കണ്ണൂർ സർവ്വകലാശാല

കണ്ണൂർ സർവ്വകലാശാലയിൽ തെരഞ്ഞെടുക്കപ്പെടുന്നവരും നോമിനേറ്റ് ചെയ്യപ്പെടുന്നവരും യു.ജി.സി. നോമിനിയും ഉൾപ്പെടുന്ന

ഭരണസമിതികളാണ് നിയമത്തിലുണ്ടായിരുന്നത്. ഇപ്പോഴത്തെ സർക്കാർ അധികാരത്തിൽ വന്ന് ഏറെ താമസിയാതെ ആ നിയമം അസാധുവാക്കിക്കൊണ്ട് പുതിയ നിയമം കൊണ്ടുവന്നു. ഇതനുസരിച്ച് മഹാത്മാഗാന്ധി സർവ്വകലാശാലയിലെപ്പോലെ പൂർണ്ണമായി നോമിനേറ്റഡ് സമിതിയാണ് ഇത്. ഒപ്പം അൺ എയിഡഡ് സംവിധാനത്തേയും പുതിയ നിയമത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഇവിടെ ഇപ്പോൾ സെനറ്റും സിൻഡിക്കേറ്റും നിലവിലില്ല.

വ്യത്യസ്തങ്ങളായ മോഡലുകളാണ് നാല് അഫിലിയേറ്റിംഗ് യൂണിവേഴ്സിറ്റികളുടെ നിയമങ്ങൾ. ഈ നിയമങ്ങളും ഈ യൂണിവേഴ്സിറ്റിയുടെ പ്രവർത്തനങ്ങളും താരതമ്യം ചെയ്ത പഠനം നടത്തണം. ഭരണസമിതികളുടെ കാര്യത്തിൽ ഇങ്ങനെ സംഗ്രഹിക്കാം.

| | | |
|---|---|---|
| കേരളാ, കോഴിക്കോട് സർവ്വകലാശാലകൾ | : | ഭൂരിപക്ഷവും തെരഞ്ഞെടുക്കപ്പെടുന്നവർ |
| മഹാത്മാഗാന്ധി സർവ്വകലാശാല | : | അധികാരമില്ലാത്ത സെനറ്റൊഴികെ എല്ലാം നോമിനേറ്റ് ചെയ്യപ്പെടുന്നവർ |
| കണ്ണൂർ സർവ്വകലാശാല | : | നോമിനേറ്റ് ചെയ്യപ്പെടുന്നവർ മാത്രം |

ഈ സർവ്വകലാശാലാ ഭരണസമിതികളുടെ ഇതുവരെയുള്ള പ്രവർത്തനങ്ങളിൽ നിന്നും ഒറ്റനോട്ടത്തിൽ മനസ്സിലാകുന്ന ചിലകാര്യങ്ങളുണ്ട്.

- നോമിനേറ്റഡ് ബോഡികൾ ഒരു തലത്തിലും തെരഞ്ഞെടുക്കപ്പെട്ടതിനേക്കാൾ മെച്ചമല്ല; നേരമറിച്ച് തെരഞ്ഞെടുക്കപ്പെട്ട സമിതികൾ നോമിനേറ്റഡ് സമിതിയേക്കാൾ പലകാര്യങ്ങളിലും മെച്ചമാണുതാനും.
- നോമിനേറ്റു ചെയ്യപ്പെടുന്നവർ നോമിനേറ്റു ചെയ്ത നേതാക്കളോടോ പ്രസ്ഥാനത്തോടോ തല്ക്കാലം കൂറുപുലർത്തുമെന്നതല്ലാതെ ആരോടും പ്രതിബന്ധത കാട്ടാറില്ല. തെരഞ്ഞെടുക്കപ്പെടുന്നവരാകട്ടെ, അവരുടെ മുഴുവൻ പ്രവർത്തനങ്ങളിലും അവരെ തെരഞ്ഞെടുത്തയച്ച പ്രസ്ഥാനങ്ങളോട് ഉത്തരവാദിത്തമുള്ളവരായിരിക്കും.
- നോമിനേഷൻ തത്വം അവതരിപ്പിച്ചത് യു.ജി.സി ആണ്. പ്രഗത്ഭരായ വിദ്യാഭ്യാസ വിചക്ഷണരെ സർവ്വകലാസമിതിയിൽ കൊണ്ടുവരാനായിരുന്നത്രേ അത്. എന്നാൽ നമ്മുടെ സർവ്വകലാശാലകളിൽ അങ്ങനെയുള്ള എത്രപേർ നോമിനേറ്റ് ചെയ്യപ്പെട്ടിട്ടുണ്ടെന്നു പഠിച്ചാൽ ഇതിന്റെ പൊള്ളത്തരം മനസ്സിലാകും.

- ഇപ്പോഴത്തെ സംസ്ഥാനസർക്കാർ വന്നതിനുശേഷം സർവ്വകലാശാലകൾ കൈയടക്കാനുള്ള ശ്രമത്തിന്റെ ഫലമായി ആദ്യം ചെയ്തത്, എല്ലാ സർവ്വകലാശാലാ സിണ്ടിലേയ്ക്കും ഐ.ടി; ബി.ടി വിദഗ്ദ്ധർ എന്നപേരിൽ അഞ്ചു പേരെ വീതം നോമിനേറ്റ് ചെയ്യുകയായിരുന്നു.

  ഇങ്ങനെ നോമിനേറ്റ് ചെയ്യപ്പെട്ടവരുടെ (എക്സ് ഒഫിഷ്യോ അംഗങ്ങളൊഴികെ) ഈ മേഖലയിലെ പ്രാവീണ്യം അവരുടെ കഴിഞ്ഞ ഒരു വർഷക്കാലത്തോളമുള്ള പ്രവർത്തനവും പരിശോധിച്ചാൽ സർക്കാർ വാദത്തിന്റെ മുനയൊടിയും. സ്വതവേ സാമ്പത്തിക ബുദ്ധിമുട്ടനുഭവപ്പെടുന്ന സർവ്വകലാശാലകൾക്ക് ഇവരുടെ ബത്തകൾ കൂടി അധികഭാരമുണ്ടാക്കാൻ മാത്രമേ ഇതുപകരിച്ചിട്ടുള്ളൂ.

- സർക്കാർ നോമിനേഷൻ രാഷ്ട്രീയക്കാരുടെ മാത്രം നോമിനേഷനാണെങ്കിൽ തെരഞ്ഞെടുപ്പ് സമൂഹത്തിന്റെ നോമിനേഷനാണ്. സമൂഹത്തിന്റെ നോമിനേഷനായ തെരഞ്ഞെടുപ്പു തന്നെയാണ് ഒരു ജനാധിപത്യസംവിധാനത്തിൽ മെച്ചം.

## സർവ്വകലാശാലാ കമ്മീഷനുകൾ

സർവ്വകലാശാലാ നിയമങ്ങളിൽ 10 വർഷം കൂടുമ്പോൾ പ്രവർത്തനങ്ങൾ വിലയിരുത്താൻ സർക്കാർ കമ്മീഷനുകളെ നിയമിക്കാൻ വ്യവസ്ഥയുണ്ട്. അതനുസരിച്ച് നിയമിക്കപ്പെട്ട സർവ്വകലാശാലാ കമ്മീഷനുകൾ റിപ്പോർട്ടു നൽകിയിട്ടുണ്ട്. അവ ഇപ്പോൾ സർക്കാരിന്റേയും സർവ്വകലാശാലകളുടെയും പരിഗണനയ്ക്കു വേണ്ടിയാണ് നൽകിയിട്ടുള്ളത്. അവയെപ്പറ്റി അക്കാദമിക് സമൂഹത്തിന്റെ വ്യാപകമായ ചർച്ചയുണ്ടാകണം. തള്ളേണ്ടതു തള്ളുകയും കൊള്ളേണ്ടത് കൊള്ളുകയും ചെയ്യണം. ഇങ്ങനെ സമർപ്പിക്കപ്പെട്ട റിപ്പോർട്ടുകളിൽ ഒരെണ്ണത്തിൽ, "ഈ റിപ്പോർട്ട് മലയാളത്തിലേയ്ക്ക് പരിവർത്തനം ചെയ്ത് ചർച്ചയ്ക്കായി വിതരണം ചെയ്യണം" എന്നു നിർദ്ദേശിച്ചിട്ടുള്ളതായി മനസ്സിലാക്കുന്നു. സർവകലാശാലകളുടെ പ്രവർത്തനത്തിൽ പൊതുജനങ്ങൾ എത്രമാത്രം ശ്രദ്ധാലുക്കളായിരിക്കണം എന്ന് ഈ നിർദ്ദേശം വ്യക്തമാക്കുന്നു. സർവ്വകലാശാലാ നിയമങ്ങളുമായി ബന്ധപ്പെട്ട എന്തെങ്കിലും ഭേദഗതി ചിന്തിക്കുന്നതിനുമുമ്പ് ഈ റിപ്പോർട്ടുകളെക്കുറിച്ചുള്ള വ്യാപകമായ ചർച്ചയാണ് വേണ്ടത്.

ഏതു നിയമത്തിനും കാലാനുസൃതമായ മാറ്റങ്ങൾ അനിവാര്യമാവാം. പക്ഷേ, അനുഭവങ്ങളുടേയും ആവശ്യത്തിന്റെയും വെളിച്ചത്തിൽ നടത്തേണ്ടമാറ്റം സങ്കുചിത രാഷ്ട്രീയ താത്പര്യത്തിനു വേണ്ടിയാകരുത്. സഹകരണസംഘങ്ങളും സംഘടനകളും പിടിച്ചെടുക്കുന്ന ലാഘവത്തോടെ സർവ്വകലാശാലകൾ പിടിച്ചെടുക്കരുത്. അതു ചെയ്താൽ സർവ്വകലാശാലകൾ രാഷ്ട്രീയ പങ്കുവയ്പിന്റെയും രാഷ്ട്രീയ പക്ഷ

പാതത്തിന്റെയും വേദികളാകും. അതിവിടത്തെ ഉന്നതവിദ്യാഭ്യാസത്തെ തകർക്കുക തന്നെയായിരിക്കും ഫലം. ഒരു പക്ഷേ, അതുതന്നെയാകാം ലക്ഷ്യവും.

**നിയമമാറ്റംകൊണ്ട് സർക്കാർ ലക്ഷ്യമാക്കുന്നത്.**

1. എല്ലാ സർവ്വകലാശാലകളുടേയും ഭരണം കൈപ്പിടിയിലാക്കി സ്വന്തം പിണിയാളുകളെക്കൊണ്ട് നിറയ്ക്കുക.
2. ഓട്ടോണമസ് കോളജുകളാരംഭിക്കുക.
3. ഉന്നതവിദ്യാഭ്യാസരംഗത്തെ മുതൽമുടക്കിൽ നിന്ന് സർക്കാർ പിന്മാറുക.
4. ഇന്നു നിലനില്ക്കുന്ന, സാമൂഹ്യനീതിയിലധിഷ്ഠിതമായ വിദ്യാഭ്യാസ സമ്പ്രദായത്തെ തകർക്കുക.
5. വിദേശീയരുൾപ്പെടെ സ്വകാര്യസംരംഭകർക്ക് യഥേഷ്ടം ഈ രംഗത്തേയ്ക്ക് കടന്നുവരാൻ കഴിയുന്നവിധം നിയമം മാറ്റിയെഴുതുക.
6. പൊതുസമ്പത്ത് സമുദായ മാനേജുമെന്റുകൾക്ക് ദാനമായി നൽകുക.
7. പൊതുധാരാവിദ്യാഭ്യാസം ഇല്ലാതാക്കി വിപണിക്കുവേണ്ട വിദ്യാഭ്യാസം രൂപപ്പെടുത്തുക.
8. അദ്ധ്യാപക-അനദ്ധ്യാപകർ നേടിയെടുത്ത സർവീസ് സുരക്ഷ തകർത്ത് മാനേജുമെന്റുകളുടെ ഇഷ്ടാനുസരണം അവരെ വിട്ടുകൊടുക്കുക.
9. വിദ്യാഭ്യാസരംഗത്ത് അനീതിയെ ചോദ്യം ചെയ്യുന്ന ശക്തികളെ ഉന്മൂലനം ചെയ്യുക.

സമീപകാല അനുഭവങ്ങളും ഏഷ്യൻ ഡവലപ്പ്മെന്റ് ബാങ്ക് വ്യവസ്ഥകളും പുതിയ നിർദ്ദേശങ്ങളും കൂടി കൂട്ടിവായിച്ചാൽ ഉന്നതവിദ്യാഭ്യാസരംഗം അതിക്രൂരമായ വേട്ടയാടലിന് വിധേയമാകുമെന്ന് മനസ്സിലാക്കാം.

## ഓട്ടോണമസ് കോളജുകൾ

നിലവിലുള്ള കോളജുകളിൽ നിന്ന് മികച്ചവ എന്നു പറയപ്പെടുന്ന സ്ഥാപനങ്ങളെ തെരഞ്ഞെടുത്ത് അവയ്ക്ക് ഉദാരമായ ധനസഹായം നൽകി 'സെന്റർ ഓഫ് എക്സലൻസ്' ആക്കി മാറ്റുകയാണ് യു.ജി.സി. ഓട്ടോണമസ് കോളജു കൊണ്ടുദ്ദേശിക്കുന്നത്. ഇവയിൽ അക്കാദമികമുൾപ്പടെ എല്ലാകാര്യങ്ങളും മാനേജുമെന്റ് മാത്രം കൈകാര്യം ചെയ്യുന്നു. മാനേജ്മെന്റ് രൂപം കൊടുക്കുന്ന സിലബസിൽ

മാനേജ്മെന്റ് നടത്തുന്ന പരീക്ഷക്ക് അവർ പറയുന്നതു പോലെ ബിരുദം നൽകുക എന്ന ചുമതല മാത്രമാണ് യൂണിവേഴ്സിറ്റിക്കുള്ളത്. കേരളത്തിലെ സാഹചര്യത്തിൽ സർവ്വശക്തരായ സമുദായ പ്രമാണികൾ നടത്തുന്ന കോളജുകൾക്ക് സ്വയംഭരണം നൽകിയാലുള്ള അവസ്ഥ പറയേണ്ടതില്ലല്ലോ. എന്നാൽ ഓട്ടോണമി നൽകുന്നത് അക്കാദമിക് സമൂഹത്തിനാണെങ്കിൽ അത് സ്വാഗതം ചെയ്യപ്പെടേണ്ടതുമാണ്. കേന്ദ്രത്തിൽ നിന്ന് ലഭിക്കുന്ന ഭീമമായ ധനസഹായം കണ്ട് ഓട്ടോണമി നടപ്പിലാക്കിയ മറ്റു സംസ്ഥാനങ്ങളിലെ കോളജുകൾ സമൂഹത്തോട് യാതൊരു ഉത്തരവാദിത്തവുമില്ലാതെ കച്ചവടകേന്ദ്രങ്ങളായി മാറുകയായിരുന്നു. ഓട്ടോണമസ് കോളജുകളോടുള്ള ആഭിമുഖ്യം കുറഞ്ഞുവരികയുമാണ്. വരേണ്യവൽക്കരണമാണ് കേന്ദ്രസർക്കാർ ഉദ്ദേശിച്ചതെങ്കിൽ കേരളസർക്കാർ ഉദ്ദേശിക്കുന്നത് ഇതിനേക്കാൾ ജനവിരുദ്ധവും വികൃതവുമായതാണ്.

സർക്കാർ പുറത്തിറക്കിയ ധവളപത്രത്തിൽ ഇങ്ങനെ പറയുന്നു, "അടിസ്ഥാന സൗകര്യങ്ങളും സാമ്പത്തിക ഭദ്രതയുമുള്ള കോളജുകൾക്ക് ഓട്ടോണമസ് പദവി നൽകുക. ഇങ്ങനെയുള്ള കോളജുകളിൽ ഇന്നു നിലവിലുള്ള ജീവനക്കാർക്കുമാത്രം സർക്കാർ തുടർന്നും ശമ്പളം നൽകും .... ഭാവിയിൽ ഇത്തരം ബാദ്ധ്യതകൾ സർക്കാർ ഏറ്റെടുക്കരുത് ... മാനേജുമെന്റുകൾക്ക് ഇഷ്ടം പോലെ ധനസമ്പാദനത്തിന് സ്വാതന്ത്ര്യം നൽകണം" *(ധവളപത്രം: അനുബന്ധം XI)*

ഇത് യു.ജി.സി.യോ കേന്ദ്രസർക്കാരോ ഉദ്ദേശിച്ച ഓട്ടോണമിയല്ല; മറിച്ച് ആ പേരുപയോഗിച്ച് സ്വാശ്രയ കോളജുകളാക്കി മാറ്റാൻ മാനേജുമെന്റുകൾക്ക് സ്വാതന്ത്ര്യം നൽകലാണ്.

## അട്ടിമറിക്കപ്പെടുന്ന സംവരണം

സംവരണം എന്നും ചർച്ച ചെയ്യപ്പെടുന്ന ഒരു വിഷയമാണ്. സാമുദായികസംവരണവും സാമ്പത്തികസംവരണത്തിനും വേണ്ടി വാദിക്കുന്നവർ വിദ്യാഭ്യാസരംഗത്തെ പ്രബലശക്തികളാണ്. എന്നാൽ വ്യത്യസ്തചിന്താഗതിക്കാരായവർ ഒരേ കൂടിനുള്ളിൽ കഴിയുന്ന അവസ്ഥയാണിന്നുള്ളത്. ഈ സാഹചര്യത്തിൽ ഉണ്ടായിരിക്കുന്ന ഒരു സമവായമാകാം വിദ്യാഭ്യാസരംഗത്ത് പ്രതിഫലിക്കുന്നത്. സാമുദായികസംവരണക്കാർക്ക് ഈ ആനുകൂല്യത്തിനുള്ള വരുമാനപരിധി ഗണ്യമായി ഉയർത്തിയതോടെ, സമൂഹത്തിലെ ദുർബ്ബല വിഭാഗങ്ങളെ സഹായിക്കാനുണ്ടാക്കിയ സാമുദായിക സംവരണം ആ സമുദായത്തിലെ ദുർബ്ബലർക്ക് പൂർണ്ണമായി നിഷേധിച്ചുകൊണ്ട് അവിടത്തെ പ്രമാണിമാർക്ക് മാത്രമായി ലഭ്യമാകുന്നു. ഇതിൽ ആ നേതാക്കൾ സംതൃപ്തരാണ്. മറുവശത്ത് വിദ്യാഭ്യാസം പടിപടിയായി സ്വകാര്യവൽക്കരിക്കു

കയും സർക്കാർ ഇതിൽ നിന്ന് പിൻവാങ്ങുകയും ചെയ്യുന്നതോടെ മേൽപ്പറഞ്ഞ സംവരണാനുകൂല്യം തനിയേ ഇല്ലാതാകുകയും ചെയ്യും. അപ്പോൾ മറുപക്ഷത്തും സന്തോഷം. ഇതോടെ സമൂഹത്തിലെ സാധാരണക്കാർക്കും ദുർബ്ബല വിഭാഗങ്ങൾക്കും ഉന്നതവിദ്യാഭ്യാസം ആകാശകുസുമമായി മാറും.

## ഇഷ്ടദാനം ചെയ്യപ്പെടുന്ന പൊതുസ്വത്ത്

ഉദാരവൽക്കരണത്തിന്റെ ഭാഗമായി വികസിച്ചുവരുന്ന ഒരു സമ്പ്രദായമാണല്ലോ B.O.T. (Build, Operate and Transfer). ഏതെങ്കിലുമൊരു ഏജൻസി അവരുടെ പണം കൊണ്ട് നിർമ്മിച്ച് ഒരു നിശ്ചിത കാലം നിയന്ത്രണങ്ങൾക്ക് വിധേയമായി Operate ചെയ്തതിനുശേഷം സമൂഹത്തിനായി കൈമാറ്റം ചെയ്യുന്ന രീതിയാണിത്.

ഇതിന്റെ നേർവിപരീത പ്രക്രിയയാണിപ്പോൾ സംസ്ഥാന സർക്കാർ ഉദ്ദേശിക്കുന്നത്. വിവിധ ഏജൻസികൾ ഒരു കാലത്ത് സാമൂഹ്യസേവനമെന്ന നിലയിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ പടുത്തുയർത്തി. അവർ പ്രതിനിധാനം ചെയ്യുന്ന സമൂഹമാണിതിന് മുതൽമുടക്കിയത്. തുടർന്ന് ഇതിനെ ഇന്നത്തെ നിലയിലേയ്ക്ക് വളർത്തിയത് കേന്ദ്രസംസ്ഥാന സർക്കാരുകൾ, യു.ജി.സി., സർക്കാർ-അർദ്ധസർക്കാർ സാമ്പത്തികസഹായ സ്ഥാപനങ്ങൾ, രക്ഷാകർത്താക്കൾ, വിദ്യാർത്ഥികൾ തുടങ്ങിയ സമൂഹമാണ്. അങ്ങനെ, കോടിക്കണക്കിന് ബലഹീനർക്ക് വിദ്യാഭ്യാസം നൽകി അവർക്ക് ശക്തി നൽകുകയെന്ന മഹത്തായ ലക്ഷ്യത്തിനുവേണ്ടി, പൂർണ്ണമായും സൗജന്യമായി നൽകിയ പൊതുസ്വത്തിലാണ് ഇന്ന് മിക്ക സ്വകാര്യ വിദ്യാഭ്യാസസ്ഥാപനങ്ങളും പടുത്തുയർത്തപ്പെട്ടിരിക്കുന്നത്. പൊതുമുതൽ മുടക്കി നിലനിർത്തുന്ന സ്ഥാപനങ്ങൾ വളരെ നിസ്സാരമായി സ്വകാര്യ മാനേജുമെന്റുകൾക്ക് ദാനം നൽകാനുള്ള നീക്കമാണ് നടക്കുന്നത്. ഇതിന്റെ ആദ്യപടിയാണ് Aided വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ Unaided സമ്പ്രദായം കൊണ്ടുവരുന്നത്. വിദ്യാഭ്യാസത്തെ ഒരു കറവപ്പശുവാക്കി കണക്കാക്കിയിരുന്ന സ്വകാര്യമാനേജർമാർക്ക് ഇപ്പോൾ Aided സമ്പ്രദായം ഒരു കറവ വറ്റിയ അറവുമാടാണ്. പുതുതായി നിയമനങ്ങൾ കുറഞ്ഞതും സർക്കാർ നിയന്ത്രണങ്ങളുമാണിതിനു കാരണം. അപ്പോൾ ഇത് ഇഷ്ടദാനമായി വിട്ടുകിട്ടുന്നത് അവരെ സംബന്ധിച്ചിടത്തോളം ഒരു വാഗ്ദാനം നിറവേറലാണ്. എന്നാൽ ഇന്ന് നിലനിലയ്ക്കുന്ന സർവ്വകലാശാലാനിയമങ്ങളിൽ ഇതിന് തടസ്സമുണ്ട്. ഈ തടസ്സം മാറ്റിയെടുക്കലാണ് നിയമമാറ്റത്തിലൂടെ സർക്കാർ ഉദ്ദേശിക്കുന്നത്.

## വിദേശികൾക്ക് ചുവപ്പുപരവതാനി

വിദ്യാഭ്യാസവും ഒരു 'ചരക്ക്' എന്ന പുതിയ സങ്കല്പം അനുസരിച്ച് അതിന്റെ വിപണനത്തിൽ ഒരു നേരിയ ഭാഗം മാത്രമേ ഇന്ന് വിദേശിയർക്കു ലഭിക്കുന്നുള്ളൂ. അതുമാറണമെന്ന അവരുടെ താത്പര്യം സംസ്ഥാന സർക്കാരിന്റെ മുന്നിലുണ്ട്. വിദേശരാജ്യങ്ങളിലെ മൂന്നാംകിട സർവ്വകലാശാലകൾ പോലും വെള്ളക്കാരോടു നമുക്കുള്ള വിധേയത്വംമൂലം സ്വീകാര്യമാകുന്നു. ഇവിടത്തെ വിദ്യാഭ്യാസം അനാകർഷകമാക്കിയെങ്കിൽ മാത്രമേ അത്തരം ഏജൻസികൾക്ക് ഇവിടെ ചുവടുറപ്പിക്കാൻ സാധിക്കുകയുള്ളൂ. ലക്ഷക്കണക്കായ പണം ഇവിടെനിന്ന് കടത്തുക എന്ന ഉദ്ദേശത്തോടെ മറ്റു സംസ്ഥാനങ്ങളിൽ തുടങ്ങിയ പല സ്ഥാപനങ്ങളും ഇന്ന് തിരിച്ചടി നേരിടുകയാണ്. അപ്പോഴാണ് കേരളമെന്ന സുവർണ്ണകമ്പോളം അവർ സ്വപ്നം കാണുന്നത്.

## അദ്ധ്യാപക – അനദ്ധ്യാപകർക്കെതിരെ

ഒരു കാലത്ത് അദ്ധ്യാപകരെയും അനദ്ധ്യാപകരെയും പന്തു തട്ടുന്നതുപോലെ കേരളത്തിന്റെ അതിരുകൾ ലക്ഷ്യമാക്കി തട്ടിക്കൊണ്ടിരുന്നതിന് അറുതിവന്നിരിക്കുന്നു. ഭാര്യാഭർത്താക്കന്മാർ അടുത്തടുത്ത സ്ഥലങ്ങളിൽ പോലും ജോലി ചെയ്യാൻ പാടില്ലെന്നു ചിന്തിച്ചിരുന്ന ചില മാനേജുമെന്റുകൾക്ക് ആ സുഖം നഷ്ടപ്പെട്ടിരിക്കുന്നതിനാൽ പല്ലുകൾക്ക് മൂർച്ചകൂട്ടാൻ കാത്തിരിക്കുകയാണ്. ഇപ്പോൾ അദ്ധ്യാപകരേയും അനദ്ധ്യാപകരേയും സ്ഥലം മാറ്റുന്നതിന് വ്യക്തമായ മാനദണ്ഡങ്ങൾ യൂണിവേഴ്സിറ്റി നിയമങ്ങളിൽ ഉൾപ്പെടുത്തിക്കഴിഞ്ഞു. ഈ നിയമ പരിരക്ഷ എടുത്തുമാറ്റാനുള്ള ഏത് അനുകൂലസാഹചര്യവും മാനേജുമെന്റുകൾ ഉപയോഗപ്പെടുത്തും. വീട്ടിൽ ചെന്നുകണ്ട മന്ത്രിമാരും നേതാക്കളും പ്രമാണിമാരോടുള്ള വിധേയത്വം തെളിയിക്കാൻ അദ്ധ്യാപകരുടേയും അനദ്ധ്യാപകരുടേയും താത്പര്യങ്ങൾ കുരുതികൊടുത്താൽ അത്ഭുതപ്പെടേണ്ടതില്ല. അതിനുവേണ്ടിയും ഈ നിയമമാറ്റം ഉപയോഗപ്പെടുത്താൻ സാദ്ധ്യതയുണ്ട്.

## ഇൻഫർമേഷൻ ടെക്നോളജി – ബയോടെക്നോളജി

വിദ്യാഭ്യാസത്തിന്റെ ഉള്ളടക്കത്തിൽ വിജ്ഞാനശാഖകളിലുണ്ടാകുന്ന വികാസത്തിനനുസരിച്ച് മാറ്റം വരണം. മൂല്യാധിഷ്ഠിത വിദ്യാഭ്യാസത്തിന്റെ ഗുണപരമായ അംശങ്ങൾക്ക് മാറ്റം വന്നുകൂടാ. ഈ സാഹചര്യത്തിലാണ് വിജ്ഞാനമേഖലയിലെ പുതുശാഖകൾ പരിഗണനാർഹമാകുന്നത്.

സമീപകാലത്തായി വിദ്യാഭ്യാസത്തെപ്പറ്റി നടക്കുന്ന ചർച്ചകളിൽ ജോലി ലക്ഷ്യമാക്കിയുള്ള വിദ്യാഭ്യാസത്തെക്കുറിച്ച് കേൾക്കാറുണ്ട്. വിദ്യാഭ്യാസം തൊഴിൽസമ്പാദനത്തിനു വേണ്ടിയാണെന്നും ആ തൊഴിൽ എത്രയും പെട്ടെന്നു കിട്ടാനുള്ള പരിശീലനമാണ് വിദ്യാഭ്യാസത്തിന്റെ ഉള്ളടക്കമാകേണ്ടതെന്നും വാദിക്കുന്നവർ സംസ്ഥാന ഭരണതലത്തിലടക്കം ഉണ്ട്. ഇത് ഒരു പരിധി വരെ അജ്ഞതയുടെ ഭാഗം കൂടിയാണെന്ന് വളരെ വിനീതമായി പറയേണ്ടിയിരിക്കുന്നു.

ഒരു രാജ്യത്തിന്റെ പുരോഗതിക്കും വികസനത്തിനുമാവശ്യമായ ഘടകങ്ങളാണ് അടിസ്ഥാന-സാമൂഹ്യ-മാനവികശാസ്ത്രങ്ങളിലുള്ള പഠനവും ഗവേഷണവും. ഇതിന്റെ പരിപുഷ്ടിക്കുവേണ്ടി ശാസ്ത്രസാങ്കേതികരംഗങ്ങളിൽ കാലാകാലങ്ങളിലുണ്ടാകുന്ന പുരോഗതി ഉപയോഗപ്പെടുത്തണം. ഒരു രാഷ്ട്രത്തിനു വേണ്ടത് IT-BT വിദഗ്ദ്ധരെ മാത്രമല്ല. ഡോക്ടർമാർ, എഞ്ചിനീയർമാർ, ആരോഗ്യരംഗത്തു സേവനം ചെയ്യുന്ന നഴ്സുമാരും മറ്റുള്ളവരും, അദ്ധ്യാപകർ, സാമൂഹ്യപ്രവർത്തകർ, ഭരണതന്ത്രജ്ഞർ, ശാസ്ത്രജ്ഞർ, നിയമവിദഗ്ദ്ധർ, തൊഴിലാളികൾ, പുരോഹിതർ, ഉദ്യോഗസ്ഥർ തുടങ്ങി എല്ലാവരേയും ഉൾകൊള്ളുന്ന ഒരു മൂല്യാധിഷ്ഠിത സമൂഹസൃഷ്ടിയാണ് വിദ്യാഭ്യാസം കൊണ്ടുദ്ദേശിക്കുന്നത്. ആഗോളവൽക്കരണത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ഉപകരണങ്ങളിലൊന്നാണ് ഇൻഫർമേഷൻ ടെക്നോളജി. അതുകൊണ്ട് IT-BT വിജ്ഞാനശാഖകൾ വേണ്ട എന്നൊരു നിലപാട് പാടില്ല. ഇവയെ നമ്മുടെ വിദ്യാഭ്യാസത്തിന് ഉപയോഗപ്പെടുത്താവുന്ന തരത്തിൽ ഉപയോഗപ്പെടുത്തുകയും ഇവയിൽ വൈദഗ്ദ്ധ്യം നേടുകയും വേണം. പക്ഷേ, ഇതിന്റെ വളർച്ച അടിസ്ഥാന-സാമൂഹ്യശാസ്ത്രശാഖകളെ തകർത്തുകൊണ്ടാകരുതെന്നു മാത്രം. ഇൻഫർമേഷൻ ടെക്നോളജി പോലെയുള്ളവയുടെ വിപണിയിലുള്ള സ്വീകാര്യത മാറിയും മറിഞ്ഞുമിരിക്കും. നമുക്കുവേണ്ടത് നമ്മുടെ നാടിനുവേണ്ട വിദ്യാഭ്യാസരീതിയാണ്. അതിനുള്ള നയരൂപീകരണം ഇന്ന് കേന്ദ്ര-സംസ്ഥാന സർക്കാറുകൾ നടത്തുന്നില്ലെന്നതാണ് സ്ഥിതി. ലോകവ്യാപാര സംഘടനയുടെ നിയമങ്ങൾ പൂർണ്ണമായും പ്രാബല്യത്തിൽ വരുമ്പോൾ അവയെ നേരിടാനുള്ള ശേഷി നമുക്കില്ലാതാകുകയായിരിക്കും ഫലം.

## സർവ്വകലാശാലകളുടെ ഇന്നത്തെ പ്രവർത്തനം തൃപ്തികരമാണോ?

പൂർണ്ണമായും അല്ലായിരിക്കാം. ഇതേപ്പറ്റി ധാരാളം പഠനം നടത്തിയിട്ടുമുണ്ട്. ഈ നിലമെച്ചപ്പെടുത്താൻ ഏകീകൃത സർവ്വകലാശാലാനിയമം ഒരിക്കലും സഹായിക്കുകയില്ല. മെച്ചപ്പെടുത്താനുള്ള മാർഗ്ഗങ്ങൾ വിദ്യാഭ്യാസരംഗത്തെ എല്ലാ ഘടകങ്ങളുമായി കൂടിയാലോചിക്കണം.

മേൽപ്പറഞ്ഞ ചോദ്യത്തിന് വളരെ പെട്ടെന്ന് ചോദിക്കാവുന്ന ധാരാളം മറുചോദ്യങ്ങളുണ്ട്. ഇവിടെ എന്തിന്റെയെങ്കിലും പ്രവർത്തനം പൂർണ്ണമായും തൃപ്തികരമാണോ? കഴിഞ്ഞ ഒരു വർഷത്തെ ഭരണം തൃപ്തികരമല്ലെന്ന് മുഖ്യമന്ത്രി തന്നെ പറയുന്നു. അതുകൊണ്ട് ഈ ഭരണസംവിധാനവും ജനാധിപത്യവും പൊളിക്കണമെന്നാണോ? വീഴ്ചകൾ വരുന്നിടത്ത് പ്രതിബന്ധതയോടെ പാഠങ്ങൾ ഉൾക്കൊണ്ട് തിരുത്തി മുന്നോട്ടുപോവുകയെന്നതാണ് ചെയ്യേണ്ടത്.

കോളജുകളിൽ നിന്നും പ്രീഡിഗ്രി വേർപെടുത്തിയത് ഉന്നതവിദ്യാഭ്യാസരംഗത്ത് ഒരു കുതിച്ചുചാട്ടം നടത്താൻ വേണ്ടിയായിരുന്നു. കോളജുകളിലുണ്ടാകുന്ന അധികസൗകര്യങ്ങൾ ഡിഗ്രി-പി.ജി പഠനങ്ങൾക്കും ഗവേഷണത്തിനും ഉപയോഗിക്കാനായിരുന്നു പരിപാടി. നിർഭാഗ്യവശാൽ ആ സൗകര്യങ്ങൾ സ്വാശ്രയകോഴ്സുകൾക്കു വേണ്ടി ഉപയോഗപ്പെടുത്താനാണ് സർക്കാർ ഇപ്പോൾ ഒത്താശ നൽകുന്നത്. 1998 മുതലാരംഭിച്ച പരിഷ്ക്കരിച്ച സിലബസ്സിന്റെ അവലോകനവും പുതുക്കലും നടത്താൻ ശ്രമാരംഭിച്ചിട്ടില്ല. ഏറ്റവും നല്ല പ്രതികരണമുള്ളവാക്കിയ പോസ്റ്റ് ഗ്രാജ്വേറ്റ് സെമസ്റ്ററൈസേഷൻ ചിലയിടത്തെങ്കിലും പരാജയപ്പെടുത്താൽ ഭരണക്കാർ തന്നെ ശ്രമിക്കുകയാണ്. തുടർന്നു 2002-03 വർഷം നടക്കേണ്ടിയിരുന്ന ഡിഗ്രി സെമസ്റ്ററൈസേഷനുള്ള നടപടിയെടുക്കാനുള്ള നീക്കവും കാണുന്നില്ല. സമഗ്രമായ ഒരു വിദ്യാഭ്യാസ പരിഷ്ക്കരണപരിപാടിയാണ് പ്രീ-ഡിഗ്രി വേർപെടുത്തൽ കൊണ്ട് ഉദ്ദേശിച്ചതെങ്കിൽ ഉണ്ടായ ഭരണമാറ്റം ഇതിനൊക്കെ തിരിച്ചടിയാകുമോ എന്ന ആശങ്കയുണ്ട്.

## കോളേജുകളിൽ താത്കാലിക അദ്ധ്യാപകർ

പ്രീഡിഗ്രി വേർപെടുത്തൽ പ്രക്രിയ ഘട്ടം ഘട്ടമായി നടന്നുകൊണ്ടിരിക്കെ പല കോളജുകളിലും ഗസററ് അദ്ധ്യാപകരെ നിയമിക്കേണ്ട സാഹചര്യമുണ്ടായി. എന്നാൽ പ്രീഡിഗ്രി പുന:സംഘാടനം പൂർണ്ണമായ സാഹചര്യത്തിൽ, എല്ലാ കോളജുകളിലും സ്ഥിരം അദ്ധ്യാപകർ തന്നെയുണ്ടാകണം. ഏതെങ്കിലും കോളജുകളിൽ അധികമായി അദ്ധ്യാപകരുണ്ടെങ്കിൽ അവരെ അടുത്തുള്ള മറ്റു കോളേജുകളിലേക്ക് വർക്കിംഗ് അറേഞ്ചുമെന്റ് ആയി വിന്യസിക്കുകയും ബാക്കി വരുന്ന ഒഴിവുകൾ പുതിയ നിയമനം കൊണ്ട് നികത്തുകയും വേണം. എന്നാൽ ഗസ്റ്റ് അദ്ധ്യാപക സംവിധാനം സ്ഥിരമായി നിലനിർത്താൻ പുതിയ നിയമത്തിൽ വിഭാവനം ചെയ്യുന്നുണ്ടത്രേ. ഈ അവസ്ഥ ഉന്നതവിദ്യാഭ്യാസ മേഖലയെ സാരമായി ബാധിക്കും.

## രാഷ്ട്രീയക്കാരെ ഒഴിവാക്കൽ - ഏറ്റവും വലിയ തമാശ!

രാഷ്ട്രീയക്കാരെ ഒഴിവാക്കാനാണ് പുതിയ നിയമം എന്നാണ് പറയുന്നത്. ഭരണക്കാർ സ്വയം വിമർശനം നടത്തുന്നത് നല്ലകാര്യമാണ്. പക്ഷേ, സമൂഹത്തിൽ തങ്ങൾക്കുണ്ടായിരിക്കുന്ന വിലയിടിവ് തന്നെ ആയുധമാക്കുന്ന രാഷ്ട്രീയതന്ത്രം അതിനീചമാണ്.

ഇന്ന് രാഷ്ട്രീയത്തിലുണ്ടായിട്ടുള്ള ച്യുതികൾ മുതലെടുക്കാനുള്ള ഒരു മുദ്രവാക്യമായിട്ടാണ് സർക്കാരും നിക്ഷിപ്ത താല്പര്യക്കാരും ഇതിനെ ഉയർത്തുന്നത്. സർക്കാരിന്റെ വാദമുഖങ്ങളിലെ ഏറ്റവും വലിയ വൈരുദ്ധ്യവും ഇവിടെയാണ്.

- രാഷ്ട്രീയാഭിപ്രായമില്ലാത്ത ആരെയാണ് നോമിനേറ്റ് ചെയ്യാനുദ്ദേശിക്കുന്നത്?
- ഇതുവരെ നടന്ന നോമിനേഷനുകളിൽ എക്സ് ഒഫിഷ്യോ ഒഴികെ ആരെയാണ് രാഷ്ട്രീയ ബന്ധമില്ലാതെ നോമിനേറ്റ് ചെയ്തിട്ടുള്ളത്? അവരുടെ വൈദഗ്ദ്ധ്യം എന്താണ്?
- എല്ലാ സർവ്വകലാശാലകളിലും പ്രോ-ചാൻസലർ പദവി ഉണ്ടാകണമെന്ന ശാഠ്യം രാഷ്ട്രീയക്കാരെ ഒഴിവാക്കാനാണോ? വിദ്യാഭ്യാസമന്ത്രിയാണ് പ്രോ-ചാൻസലർ. ആ സ്ഥാനത്തു വരുന്നവർക്ക് രാഷ്ട്രീയമില്ലത്രേ.
- തെരഞ്ഞെടുക്കപ്പെട്ട് അധികാരത്തിലെത്തിയ സർക്കാർ എന്തുകൊണ്ട് അക്കാദമിക്ക് സമൂഹത്തിലെ തെരഞ്ഞെടുപ്പിനെ ഭയപ്പെടുന്നു ?

കേരളത്തിൽ ചരിത്രം ആവർത്തിക്കുകയാണ്. മുൻകാലത്ത് നടത്തിയ പ്രതിരോധങ്ങൾ അതിശക്തമായി ആവർത്തിക്കേണ്ടിയിരിക്കുന്നു. ഇപ്പോൾ ശത്രുക്കൾ കൂടുതൽ ശക്തരാണ്. അന്തർദേശീയ ശക്തികളും അവരോടൊപ്പമുണ്ട്. എന്നാൽ സത്യസന്ധമായ, നീതിക്കുവേണ്ടിയുള്ള പോരാട്ടങ്ങൾ വിജയം കണ്ടിട്ടുണ്ടെന്നാണ് നമുക്കുള്ള പാഠം.

പട്ടിക - 1

## നിലവിലുള്ള സർവ്വകലാശാലാ സെനറ്റുകളുടെ ഘടന

| കോൺസ്റ്റിട്യുവൻസി | കേരളാ | കാലിക്കറ്റ് | മഹാത്മാഗാന്ധി |
|---|---|---|---|
| **എ. തെരഞ്ഞെടുക്കപ്പെടുന്നവർ** | | | |
| *അദ്ധ്യാപകർ :* | | | |
| യൂണിവേഴ്സിറ്റി | 3 | 3 | 3 |
| സർക്കാർ കോളജ് | 5 | 5 | 3 |
| സ്വകാര്യകോളജ് | 16 | 16 | 16 |
| *പ്രിൻസിപ്പൽമാർ :* | | | |
| സർക്കാർ കോളജ് | 1 | 1 | 2 |
| പ്രൊഫഷണൽ | 1 | 1 | 1 |
| ജൂനിയർ കോളജ് | 1 | 1 | 1 |
| മറ്റുള്ളവർ | 4 | 4 | 7 |
| *അനദ്ധ്യാപകർ :* | | | |
| സർക്കാർ കോളജ് | 1 | 1 | 1 |
| യൂണിവേഴ്സിറ്റി | 1 | 1 | 1 |
| മറ്റുള്ളവർ | 2 | 1 | 2 |
| *മാനേജർമാർ* | 4 | 4 | 3 |
| *എം.എൽ.എ.മാർ* | 6 | 6 | 6 |
| *ലോക്കൽബോഡി* | 4 | 5 | 3 |
| *ട്രേഡ് യൂണിയൻ* | 2 | 2 | 2 |
| *രജിസ്റ്റേർഡ് ഗ്രാജുവേറ്റ്സ് :* | | | |
| എസ്.സി. | 1 | 1 | 1 |
| എസ്.റ്റി. | 1 | 1 | 1 |
| മറ്റുള്ളവർ | 18 | 18 | 23 |
| *വിദ്യാർത്ഥികൾ :* | 10 | 10 | 15 |
| **ബി. നോമിനേറ്റ് ചെയ്യപ്പെടുന്നവർ** | | | |
| *ഹെഡ്മാസ്റ്റർ* | 2 | 2 | 2 |
| *എച്ച്.എസ്.എ.* | 2 | 2 | 2 |
| *ഗവേഷണം, സംസ്കാരം....* | 9 | 8 | 11 |
| *വിദ്യാർത്ഥികൾ* | 4 | 4 | 4 |
| *ഡീൻ* | 4 | 4 | 4 |
| *എച്ച്.ഒ.ഡി.* | 7 | 7 | 7 |
| *യൂണി:യൂണി:ചെയർമാൻ* | 1 | 1 | 1 |
| *ഐ.റ്റി - ബി.റ്റി വിദഗ്ദ്ധർ* | 5 | 5 | 5 |

**സി. എക്സ്-ഒഫീഷ്യോ:** *ചാൻസലർ, പ്രോ. ചാൻസലർ, വൈസ്.ചാൻസലർ, പ്രോ.വൈസ്.ചാൻസലർ, ഗവ.സെക്രട്ടറിമാർ (3), ഡി.പി.ഐ., ഡി.സി.ഇ., ഡി.റ്റി.ഇ., ചെയർമാൻ (സ്റ്റേറ്റ് എജ്യുക്കേഷണൽ ഉപദേശകസമിതി), മേയർ, ഡി.എം.ഇ (എം.ജി.)*

4440

പട്ടിക - 2

## നിലവിലുള്ള സിണ്ടിക്കേറ്റുകളുടെ ഘടന

കേരളാ, കാലിക്കറ്റ് സർവ്വകലാശാലകളിൽ തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളും പുതുതായി നോമിനേറ്റ് ചെയ്യപ്പെട്ട അഞ്ച് ഐ.റ്റി.- ബി.റ്റി. വിദഗ്ധരും എക്സ് - ഒഫീഷ്യോ അംഗങ്ങളുമുണ്ട്.

| കോൺസ്റ്റിട്യുവൻസി | കേരളാ | കാലിക്കറ്റ് |
|---|---|---|
| *അദ്ധ്യാപകർ :* | | |
| യൂണിവേഴ്സിറ്റി | 1 | 1 |
| സർക്കാർ കോളജ് | 1 | 1 |
| മറ്റുള്ളവർ | 2 | 2 |
| *പ്രിൻസിപ്പൽമാർ :* | | |
| സർക്കാർ കോളജ് | 1 | 1 |
| മറ്റുള്ളവർ | 1 | 1 |
| *അദ്ധ്യാപകേതരർ* | 6 | 6 |
| *എസ്.സി.* | 1 | 1 |
| *വിദ്യാർത്ഥികൾ* | 1 | 1 |

### മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി

*എക്സ് - ഒഫീഷ്യോ അംഗങ്ങളും നോമിനേറ്റ് ചെയ്യുപ്പെടുന്നവരും മാത്രമാണ് മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി സിണ്ടിക്കേറ്റിൽ ഉള്ളത്.*

വിദ്യാഭ്യാസ വിചക്ഷണർ/ശാസ്ത്രജ്ഞർ - 2
ഡീൻ - 3
പ്രിൻസിപ്പൽമാർ - 2
അദ്ധ്യാപകർ - 2+1 (S.C)
ഐ.റ്റി. - ബി.റ്റി. വിദഗ്ദ്ധർ - 5

PG Library & Research Center

### എക്സ് - ഒഫീഷ്യോ (3 യൂണിവേഴ്സിറ്റികളിലും)

ഗവ.സെക്രട്ടറിമാർ - 2
വി.സി., പി.വി.സി., ഡി.സി.ഇ. - 3

# ഏകീകൃത സർവ്വകലാശാലാനിയമം

## ചർച്ചയ്ക്ക് ഒരാമുഖം

378.1

അക്കാദമിക് കമ്മിറ്റി
എ.കെ.പി.സി.ടി.എ.

മേയ് 2002

**AKPCTA FOR EQUITY & EXCELLENCE**
**AKPCTA FOR CONSULTATION & CONSENSUS**

Indic Digital Archive Foundation
gpura.org